


**പിണറായി വിജയൻ എന്നത്**
**ഇ.എം.എസിന്റെ സ്റ്റാലിനിസ്റ്റ് നെറ്റ്‌വർക്കും**
**കരുണാകരന്റെ അഴിമതിയും ചേർന്ന**
**ഒരു പ്രതിഭാസമാകുന്നത് എങ്ങിനെ?**
**സി.ആർ. പരമേശ്വരൻ എഴുതുന്നു**

# സമനില തെറ്റിയവരുടെ കേരളം

**അധികാരവുമായി** ബന്ധപ്പെട്ട എല്ലാ ഹീനതകളും വളരെ സമർത്ഥമായി ഉപയോഗിച്ച ഒരാളാണ് കരുണാകരൻ. അത് കരുണാകരനായതുകൊണ്ടല്ല, ദുരധികാരമെന്ന ഒരു അവസ്ഥയുടെ പ്രത്യേകതയാണ്, സ്വഭാവവുമാണ്. അത്തരത്തിൽ കരുണാകരൻ ഒരു ഉദാഹരണവുമാണ്. ഈ ദുരധികാരം അടിയന്തിരാവസ്ഥ കാലത്ത് പക്വമായിത്തീർന്ന ഒരു ഘടനയുടെ സഹായത്തോടെ നടപ്പിലാക്കപ്പെട്ടു. കരുണാകരൻ മർദ്ദകസ്വഭാവമുള്ള പോലീസിനെ അണിനിരത്തി അഴിമതിയും ക്രൂരതയും സ്വജനപക്ഷപാതവും അശ്ലീലതയോടെ കലർത്തി ഭരിച്ചു.

അന്നേക്ക് ജീർണ്ണിക്കാൻ തുടങ്ങിയ ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള സി. പി. എമ്മിന്റെ അവസരവാദത്തിന് ഒരു ബദലായിട്ടാണ് കരുണാകരൻ വളർന്നുവന്നത്. മത-ജാതി സമവാക്യങ്ങൾ കളിക്കുന്നതിൽ, പക്ഷെ ഇം.എം.എസിനേക്കാളും കമ്മ്യൂണിസ്റ്റ് പാർട്ടിയേക്കാളും വലിയ ചാതുര്യം കരുണാകരൻ പ്രദർശിപ്പിച്ചു. മെത്രാൻമാർക്കും തങ്ങൾമാർക്കും മുമ്പിലുള്ള വിനയം, ആഘോഷപൂർവ്വമുള്ള പതിവുതെറ്റാത്ത ഗുരുവായൂർ ദർശനം, നെഹ്റു കുടുംബത്തോടുള്ള ഭക്തി ഇതൊക്കെ മെലോഡ്രാമ രൂപത്തിൽ അവതരിപ്പിച്ചപ്പോൾ മലയാളികളുടെ മീഡിയോക്രിറ്റിക്ക് നല്ല വിരുന്നായി. കരുണാകരന്റെ സ്പീഡും പായുന്നതിനിടയിലുള്ള പോലീസുകാരന്റെ ചവിട്ടും മലയാളി പരാതിയൊന്നുമില്ലാതെ സ്വീകരിക്കാൻ തുടങ്ങി.

നക്സലൈറ്റുകൾ കേരളത്തിൽ പൊതുവെ കവിമനസുള്ള ചില പ്രതീകാത്മക വ്യക്തിത്വങ്ങൾ മാത്രമായിരുന്നു. അവർ നടത്തിയ കൊലപാതകങ്ങളും അത്തരത്തിലുള്ളവ തന്നെ. അവ ആകെ എണ്ണത്തിൽ മാർക്സിസ്റ്റ്കാരും ആർഎസ്എസുകാരും കോൺഗ്രസുകാരും കണ്ണൂരിൽ ഒരുവർഷം ശരാശരി നടത്തുന്ന കൊലകൾക്കൊപ്പം വരില്ല. നക്സലൈറ്റുകളെ ചതച്ചരക്കുക വിഷമമുള്ള കാര്യമായിരുന്നില്ല. എന്നാൽ നല്ലൊരുപങ്ക് മലയാളികളും അരാജകത്വത്തെ അടിച്ചമർത്തിയ ശക്തനായ ഭരണാധികാരിയായാണ് കരുണാകരനെ കാണുന്നത്. അശ്ലീലം കലർന്നതായിരുന്നു കരുണാകരന്റെ സ്വജനപക്ഷപാതം, അതിലും അശ്ലീലത കലർന്നവരായിരുന്നു അതിന്റെ ഗുണഭോക്താക്കൾ. ഖദറുടുത്ത അവർ ഗ്രാമാന്തരങ്ങളിൽ അഴിമതിയുടെ സംസ്കാരം പടർത്തി. ഈ അഴിമതി സംസ്കാരത്തിന്റെ പൈതൃകമാണ് ഇന്നത്തെ കണ്ണൂർ സഖാക്കൾ പിന്തുടരുന്നത്. പിണറായി വിജയൻ എന്നത് ഇ.എം.എസിന്റെ സ്റ്റാലിനിസ്റ്റ് നെറ്റ്‌വർക്കും കരുണാകരന്റെ അഴിമതിയും ചേർന്ന ഒരു പ്രതിഭാസമാകുന്നത് അങ്ങിനെയാണ്.

കരുണാകരൻ കേരളത്തിന് വികസനം കൊണ്ടുവന്ന ആളാണെന്ന് മാധ്യമങ്ങൾ പാടിപ്പുകഴ്ത്തുന്നു, വാസ്തവത്തിൽ ഒരു ഭരണാധികാരിയും വികസനം കൊണ്ടുവരുന്നില്ല. മുതലാളിത്തം അതിന്റെ പുരോയാനത്തിൽ അന്നന്നത്തെ ടെക്നോളജിയുടെ സഹായത്തോടെ കൊണ്ടുവരുന്നതാണ് വികസനം. ഭരണാധികാരി അതിന്റെ സ്വാഭാവിക പരിണാമത്തിന് അനുവദിച്ചാൽ മുതലാളിത്തം ആഗ്രഹിക്കുന്ന വികസനം വരും. എല്ലാകാലത്തും വികസനത്തിന് തടസ്സം നിൽക്കാൻ ഉതകുന്ന ഒരാന്തരിക സംവിധാനം അക്രമാസക്തമായ ട്രേഡ് യൂണിയന്റെ രൂപത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ട്. നേതാക്കൾക്ക് കനത്ത നോക്കുകൂലി കൊടുത്താൽ മാത്രം അയയുന്ന ഈ ഭീകരമുഷ്ടി മിക്കപ്പോഴും സംരംഭകരെ ആട്ടിപ്പായിക്കുന്നു. എന്നാൽ കരുണാകരൻ വികസനത്തിന് തടസ്സം നിന്നില്ല. സ്വന്തം ലാഭവും വികസനവും ഒന്നിച്ചുകൊണ്ടുപോകുന്ന കയ്യിട്ടുവാരലിന്റെയും ദ്രുതകരമായ തീരുമാനത്തിന്റെയും കല കരുണാകരന് നന്നായി അറിയാമായിരുന്നു. എപ്പോഴും എന്തിനുമേതിനും സമരിച്ചുമാത്രം ശീലിച്ചിട്ടുള്ള കമ്മ്യൂണിസ്റ്റുകൾ ഈ കല പഠിച്ചുതുടങ്ങുന്നതേയുള്ളൂ.

മലയാളിക്ക് രക്ഷപ്പെടാനാകാത്ത ഒരു രാഷ്ട്രീയ-സാംസ്കാരിക അന്തരീക്ഷം കേരളത്തിൽ ഉണ്ടായിരിക്കുന്നു. എല്ലാഭരണകൂട സ്ഥാപനങ്ങളുടെയും അടിത്തറ ഇളകിയിരിക്കുന്നു. ആർക്കും എന്ത് നിയമലംഘനങ്ങളും നടത്താം. സംസ്ഥാന താൽപര്യങ്ങൾ ഉപരിവർഗ്ഗത്തിന്റെയും മതമേധാവികളുടെയും ഉദ്യോഗസ്ഥപ്രഭുക്കളുടെയും കയ്യിൽപ്പെട്ടിരിക്കുന്നു. അടിസ്ഥാന വർഗ്ഗത്തിന്റെ സ്വത്വബോധം പത്തറുപത് വർഷത്തെ ഇടത്-വലത് ഭരണത്താൽ തകർക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അടിസ്ഥാനവർഗ്ഗം തന്നെ മദ്യപാനരോഗത്താലും കൺസ്യൂമറിസത്താലും ഗ്രസിക്കപ്പെട്ടിരിക്കുമ്പോൾ ആരോട് സഹതപിക്കാൻ? ആരോട് പരാതി പറയാൻ? ബുദ്ധിജീവികളും മാധ്യമങ്ങളും പോകട്ടെ, സമനില തെറ്റാത്ത, വിവേചനശക്തിയുള്ള അഞ്ചാറുമനുഷ്യരെപ്പോലും കേരളത്തിൽ കാണാൻ ഇന്ന് വിഷമമാണ്. ശാന്തിഭൂഷണേയോ പ്രശാന്ത് ഭൂഷണേയോപ്പോലെയുള്ള തങ്ങൾ പ്രവർത്തിക്കുന്ന മണ്ഡലത്തിന്റെ വ്യസ്ഥയെ നീതിക്കുവേണ്ടി വെല്ലുവിളിക്കുന്ന ഒറ്റയൊറ്റ മനുഷ്യരെപ്പോലും കേരളത്തിൽ ഇന്ന് കാണാനില്ല.